**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2433** **21-01-2021 - ൽ മറുപടിയ്ക്ക്**

**ഉദുമ മൈലാട്ടി സിൽക്ക് യൂണിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ. എ. നെല്ലിക്കുന്ന് | | **Shri E. P. Jayarajan**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പമന്ത്രി)** | |
| (എ) | കാസർഗോട്ടുള്ള ഉദുമ മൈലാട്ടി സിൽക്ക് യൂണിറ്റ് സ്ഥാപിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ; | (എ) | 1993-ൽ സെറിഫെഡ് എന്ന സ്ഥാപനത്തിന് കീഴിൽ പ്രവർത്തനമാരംഭിച്ചു. |
| (ബി) | ഏത് തരത്തിലുള്ള ഉൽപ്പന്നങ്ങളാണ് ഇവിടെ നിർമ്മിച്ചിരുന്നത്; | (ബി) | അസംസ്കൃതമായ കൊക്കൂൺ റീൽ ചെയ്ത് പാവാക്കുന്നു. |
| (സി) | ഇപ്പോൾ ഈ സ്ഥാപനം പ്രവർത്തിക്കുന്നില്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നും എപ്പോഴാണ് സ്ഥാപനം പൂട്ടിയതെന്നും വ്യക്തമാക്കാമോ; | (സി) | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിൽ 1969 ലെ കേരള സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്ത ഒരു അപ്പെക്സ് സംഘമാണ് സെറിഫെഡ്. സെറിഫെഡിന്റെ രജിസ്ട്രാർ ഖാദി ബോർഡ് സെക്രട്ടറിയാണ്. 15-03-2010 ലെ സ.ഉ (എം.എസ്)58/2010/ വ്യവ.നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സെറിഫെഡ് ഉൾപ്പെടെയുള്ള സെറികൾച്ചർ സംഘങ്ങളെ ലിക്വിഡേറ്റ് ചെയ്യുകയും സെറിഫെഡിന്റെ ആസ്തിയും ജീവനക്കാരെയും ലോക്കൽ സെൽഫ് ഗവൺമെന്റ് ഡിപ്പാർട്ടമെന്റ്, കമ്മീഷണറേറ്റ് ഓഫ് റൂറൽ ഡവലപ്മെന്റ് എന്നീ സ്ഥാപനങ്ങൾക്കും, സിൽക്ക് റീലിംഗ് യൂണിറ്റുകൾ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിനും നൽകിയിരുന്നു. 05-08-2015 ലെ സ.ഉ(എം.എസ്) 109/2015/വ്യവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഉപാധികളോടെ സെറിഫെഡ് പുനരുജ്ജീവിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചപ്പോൾ നേരത്തെ ഖാദി ബോർഡിന് കൈമാറ്റം ചെയ്ത് കിട്ടിയ കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിലേയും ആലപ്പുഴ ജില്ലയിലെ പട്ടണക്കാട്ടെയും സിൽക്ക് റീലിംഗ് കേന്ദ്രങ്ങൾ ഖാദി ബോർഡ് സെറിഫെഡിന് തിരികെ കൈമാറിയിരുന്നു. എന്നാൽ 07-01-2017 ലെ GO(RT)No.25/17/ID പ്രകാരം സെറിഫെഡിന്റെ പുനരുദ്ധാരണ പാക്കേജ് വിജയപ്രദമല്ലാത്തതിനാൽ സർക്കാർ റദ്ദ |

| | | | |
|---|---|---|---|
| | | | ചെയ്യുകയുണ്ടായി. സിൽക്ക് റീലിംഗ് കേന്ദ്രങ്ങൾ സെറിഫെഡിന് തിരികെ കൈമാറിയപ്പോൾ സെറിഫെഡിന്റെ മാനേജിംഗ് ഡയറക്ടറുടെ ചുമതലയുണ്ടായിരുന്നത് ഖാദി ബോർഡ് സെക്രട്ടറിക്കായിരുന്നു. തുടർന്ന് ടി കേന്ദ്രങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് ഖാദി ബോർഡിന്റെ ഓരോ ഉദ്യോഗസ്ഥരെ സ്പെഷ്യൽ ഓഫീസർമാരായി ചുമതലയേൽപ്പിച്ചിരുന്നു. 30-04-2019 – ൽ ഖാദി ബോർഡ് സെക്രട്ടറിയുടെ ചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥൻ വിരമിച്ചശേഷം സെറിഫെഡിന് എം.ഡി യെ നിയമിച്ചിട്ടില്ല. |
| (ഡി) | സ്ഥാപനത്തിന്റെ ലാഭവും നഷ്ടവും സംബന്ധിച്ച വിശദാംശം നൽകാമോ; | (ഡി) | ലഭ്യമല്ല |
| (ഇ) | പ്രസ്തുത സ്ഥാപനത്തിൽ എത്ര തൊഴിലാളികളാണുണ്ടായിരുന്നതെന്നും അവരെ പിരിച്ചുവിട്ടിരുന്നോ എന്നും വ്യക്തമാക്കാമോ; | (ഇ) | ഖാദി ബോർഡിന്റെ നിയന്ത്രണത്തി ലുണ്ടായിരുന്ന കാലത്ത് ടി സ്ഥാപനത്തിൽ 17 തൊഴിലാളികൾ പണിയെടുത്തിരുന്നു. പ്രസ്തുതകാലയളവിൽ ആരെയും പിരിച്ചു വിട്ടിരുന്നില്ല. |
| (എഫ്) | പിരിച്ചുവിടുമ്പോൾ എന്തൊക്കെ ആനുകൂല്യങ്ങൾ നൽകിയിരുന്നു ; ഇല്ലെങ്കിൽ ഇപ്പോൾ തൊഴിലാളികൾക്ക് വേതനം നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (എഫ്) | ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ